DR. SURESH ADVANI'S
SMITA MEMORIAL
HOSPITAL AND RESEARCH CENTRE

04862 208000, 350700, +91 9496143852
SH8, Vengalloor, Thodupuzha, Kerala - 685608
info@smitahospital.com I www.smitahospital.com

മാധ്യമം

# സ്മിത മെമ്മോറിയൽ ഹോസ്പിറ്റൽ രണ്ടാം വാർഷികം ഇന്ന്

**തൊടുപുഴ:** ജില്ലയുടെ ആരോഗ്യ രംഗത്ത് കാതലായ മാറ്റങ്ങൾ സംഭാവന ചെയ്ത് തൊടുപുഴ സ്മിത മെമ്മോറിയൽ ഹോസ്പിറ്റൽ മൂന്നാം വർഷത്തിലേക്ക്. രണ്ടാം വാർഷികാഘോഷം ശനിയാഴ്ച സിനിമാതാരം രമേഷ് പിഷാരടി ഉദ്ഘാടനം ചെയ്യും. ഇടുക്കി എസ്.പി വി.യു. കുര്യാക്കോസ് മുഖ്യാതിഥി ആയിരിക്കും.

നൂതന സാങ്കേതിക സൗകര്യങ്ങളോടൊപ്പം പ്രഗല്ഭ ഡോക്ടർമാരുടെയും മെഡിക്കൽ ടീമിന്റെയും സാങ്കേതിക വിദഗ്ധരുടെയും പ്രഫഷനലുകളുടെയും കൂട്ടായ സേവനവും കാര്യക്ഷമതയും സ്മിത മെമ്മോറിയൽ ഹോസ്പിറ്റലിനെ വ്യത്യസ്തമാക്കുന്നു. എട്ട് ഓപറേഷൻ തിയറ്റർ, 64 ഇന്റൻസിവ് കെയർ യൂനിറ്റ്, ആധുനിക ഇന്റർവെൻഷനൽ കാത്ത് ലാബുകൾ, ലേബർ സ്യൂട്ടുകൾ തുടങ്ങി വിപുലമായ സൗകര്യങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്.

പത്മഭൂഷൺ ജേതാവും ഇന്ത്യയിലെതന്നെ മുൻനിര ബോൺ മാരോ ട്രാൻസ്പ്ലാന്റേഷൻ വിദഗ്ധനുമായ ഡോ. സുരേഷ് അദ്വാനിയാണ് ആശുപത്രിയുടെ ചെയർമാൻ. ആരോഗ്യസേവന രംഗത്ത് 50 വർഷത്തിലധികം അനുഭവസമ്പത്തുള്ള അദ്ദേഹത്തിന്റെ നേതൃത്വമാണ് ആശുപത്രിയുടെ കരുത്ത്.

07/10/2023 | KOTTAYAM | Page : 13
Source : https://epaper.madhyamam.com